പി. ഗോപാലനെ എനിക്ക വളരെ മുൻപുതന്നെ അറിയാം. അദ്ദേഹത്തിനു് ഏതു കാര്യത്തിലും ഒരു വാശിയുണ്ടു്. അതിനു ഇന്നും മാറ്റം വന്നിട്ടില്ല. എത്ര ന്യായവും ഈ ഭാഗത്തുനിന്നു പറഞ്ഞാലും, അതു മനസ്സിലാക്കിയാലും മനസ്സിലായില്ല എന്നു ഭാവിച്ചുകൊണ്ടു് എതിർത്തു സംസാരിക്കും. ഏതു കാര്യത്തെക്കുറിച്ചും അദ്ദേഹം പ്രസംഗിക്കും. ഇവിടെനിന്നു പറയുന്ന കാര്യങ്ങളും മനസ്സിലാക്കാനുള്ള സൗമനസ്യം കാണിക്കാതെ വാശിയോടുകൂടി വാദിക്കും. അതൊരു പ്രചരണതന്ത്രമായിരിക്കും.

മാഡം, ഈ പ്രമേയം ശ്രീ. ഗോപാലൻകുട്ടി നായർ പ്രസ്സു് ചെയ്യരുതെന്നു ഞാൻ അപേക്ഷിക്കുകയാണു്. ഇതു പിൻവലിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പ്രസ്സു് ചെയ്യുന്നില്ല.

The Resolution moved by Shri M. Gopalankutty Nair was, by leave, withdrawn.

Deputy Speaker : Now we pass on to Resolution No. 3.

RESOLUTION 3.

Women Workers of Kerala

ശ്രീ. പി. രവീന്ദ്രൻ : മാഡം, കൂലി, തൊഴിൽ സാഹചര്യം, ആരോഗ്യ സംരക്ഷണം, ഉയർന്ന ജോലി ലഭിക്കുന്നതിനുള്ള പരിശീലനസൗകര്യം, ശിശു സംരക്ഷണം എന്നീ കാര്യങ്ങളെ സംബന്ധിച്ചു് സ്ത്രീതൊഴിലാളികൾക്കു അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ചു് പഠിച്ചു റിപ്പോർട്ടു് ചെയ്യുന്നതിനുവേണ്ടി ഗവണ്മെന്റു ഒരു കമ്മറ്റിയെ നിയമിക്കണം എന്നുള്ളതാണു് എന്റെ പ്രമേയത്തിന്റെ ഉള്ളടക്കം. ആ പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"This House recommends to Government to appoint a committee to study the problems facing the women workers of Keala regarding their wages, conditions of work, health and safety measures, training opportunities for higher jobs and facilities for the care and upbringing of thei children."

സർ, ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ ഇന്നു നമ്മുടെ രാജ്യത്തു പ്രത്യേകമായ ഒരു സ്ഥിതിവിശേഷം ഉണ്ടു്. സ്ത്രീ തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ചു ഇന്നു വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ടു്. 1964 മേ 11-ാംതീയതി മുതൽ 16—ാംതീയതിവരെ സാവ്വ് ദേശീയ ട്രേഡ്യൂണിയൻ സമ്മേളനം സ്ത്രീ തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ചു ചർച്ച ചെയ്യാൻ പോകുന്നുണ്ടു്. ഈ മാസം 9—ാംതീയതി ഇൻഡ്യ ഒട്ടാകെയുള്ള സ്ത്രീ തൊഴിലാളികൾ അവരുടെ അവകാശങ്ങൾ ഗവണ്മെന്റു പ്രത്യേകമായി പരിഗണിക്കണമെന്നു പ്രകടനം നടത്തി ആവശ്യപ്പെടുകയുണ്ടായി. ഇവിടെ കേരളത്തിൽ ശ്രീമതി റോസാമ്മ പുന്നൂസിന്റെ നേതൃത്വത്തിൽ ഒരു പ്രകടനം നടക്കുകയുണ്ടായി. വിവിധ രംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ ഒരു ജാഥയായി വരികയും ഒരു നിവേദനവുമായി മന്ത്രിയെക്കണ്ടു അവരുടെ അവകാശങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഈ സാഹചര്യത്തിലാണു് ഈ നിയമസഭയിൽ സ്ത്രീ തൊഴിലാളികളെ സംബന്ധിച്ച പ്രമേയം വരുന്നതു്. അതാണു് ഒരു പ്രത്യേകമായ സാഹചര്യത്തിലാണു് ഇതു അവതരിപ്പിക്കുവാൻ ഇടയായതെന്നു ഞാൻ പറയുവാനുള്ള കാരണം. ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചു് ഒന്നരണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ വയ്ക്കുവാൻ ഉണ്ടു്. സ്ത്രീകളുടെ അവകാശങ്ങൾ സമ്പാദിച്ചു കിട്ടുന്നതിനുവേണ്ടി അവർക്കു് നിരന്തരം സമരം ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ]

തായി വന്നിട്ടുണ്ട്. പ്രക്ഷോഭണങ്ങളും ഉണ്ടാക്കേണ്ടി വന്നിട്ടുണ്ട്. ഒരു കാര്യം നാം ഈ അവസരത്തിൽ പ്രത്യേകമായി ഓർക്കാനുണ്ട്. ആദ്യ കാലം മുതൽക്കു തന്നെ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടിരുന്ന തൊഴിലാളിവിഭാഗം എന്നുള്ള നിലയിലാണ് സ്ത്രീ തൊഴിലാളികളെ പരിഗണിക്കപ്പെട്ടിരുന്നത്. സ്ത്രീകൾക്കും കൊച്ചു കുട്ടികൾക്കും കൂടുതൽ ജോലി കൊടുക്കുക, പത്തും പതിനഞ്ചും മണിക്കൂർ ജോലി ചെയ്യിക്കുക, കുറഞ്ഞ കൂലി കൊടുക്കുക എന്നിങ്ങനെയുള്ള സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്ന ഒരു വിഭാഗം എന്നുള്ള നിലയിൽ സ്ത്രീകളെ കരുതിയിരുന്ന എന്നുള്ള കാര്യം നാം ഓർക്കേണ്ടതുണ്ട്. എല്ലാ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിലും സ്ത്രീകളുടെ ക്രയശക്തി ആവശ്യമായി വന്നിട്ടുണ്ട്. മനുഷ്യൻ മൃഗങ്ങളെ വേട്ടയാടിവന്നിരുന്ന കാലം തൊട്ടു സ്ത്രീ തൊഴിലാളികളും പണി എടുത്തിട്ടുണ്ട്. പുരുഷൻ വേട്ടയാടി കൊണ്ടുവരുന്ന സാധനം ശേഖരിച്ചുവയ്ക്കുന്നതിനും പാചകം ചെയ്യുന്നതിനും മറ്റും പുരുഷനോടൊപ്പം തോളോടുതോൾ ചേർന്നു നിന്നുകൊണ്ട് അന്നുമുതൽ എല്ലാ രംഗങ്ങളിലും സ്ത്രീകളും പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ തൊഴിൽ രംഗങ്ങളിലും സ്ത്രീകളും പണി എടുത്തിട്ടുണ്ട്. ക്രിസ്തുവിനു മുമ്പായിരം വർഷങ്ങൾക്കു മുമ്പ് സ്ത്രീകളും പുരുഷന്മാരും കൈത്തൊഴിൽ ചെയ്തിരുന്നുവെന്നു തെളിയുന്നുണ്ട്. സിന്ധുനദീതടങ്ങളിൽ നിന്നും ഉഗർഭ ഗവേഷണവിവരങ്ങളിൽ നിന്നും അതു തെളിയുന്നുണ്ട്. മൺപാത്രങ്ങളും ഉണ്ടാക്കുന്നതിലും വസ്ത്രങ്ങളും ഉണ്ടാക്കുന്നതിലും പുരുഷന്മാരോടൊപ്പം സ്ത്രീകളും പണി ചെയ്തിരുന്നു എന്നു കാണാൻ കഴിയും.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ക്രിസ്തുവിനു മുമ്പ് എന്നു പറഞ്ഞല്ലോ? അതിനു എത്രയോ കാലം മുമ്പുതന്നെ ഋഗ്വേദത്തിൽ സോമമദ്യം ഉണ്ടാക്കുന്നതു സ്ത്രീകളാണെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു വളരെ കാലംമുമ്പു മുതൽ തന്നെ ഈ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടായിരുന്നുവെന്നു മെമ്പർക്കറിയാമോ ?

ശ്രീ. പി. രവീന്ദ്രൻ : ഉണ്ടായിരിക്കാം ഇല്ലെന്നു ഞാൻ പറയുന്നില്ല.

ശ്രീ. കെ. ഭാസ്കരൻ : മോഹൻജദാരോ സംസ്കാരം കണ്ടുപിടിച്ചു പതിനായിരം വർഷം കഴിഞ്ഞാണ് ഋഗ്വേദം ഉണ്ടായതു്. അതെങ്ങിനെയാണ് പിമ്പോട്ടു പോകുന്നതു് ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : മനുഷ്യൻ ഉണ്ടായ കാലം മുതൽ സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചല്ലേ പ്രവർത്തിക്കുന്നതു്?

ശ്രീ. പി. രവീന്ദ്രൻ : അങ്ങനെയാണ് കണ്ടുവരുന്നതു്. അതിനു പ്രത്യേക മറുപടി പറയേണ്ട കാര്യമില്ലല്ലോ ? ആര്യന്മാർ വന്നതിനുശേഷവും സ്ത്രീകൾ കൂടുതൽ ജോലി ചെയ്തിരുന്നു. കഠിനമായ ജോലികൾ, അദ്ധ്വാനിക്കുന്നതിനു് ആവശ്യമായ ജോലികൾ പുരുഷന്മാർ ചെയ്തിരുന്നപ്പോൾ അത്ര അദ്ധ്വാനം ആവശ്യമില്ലാത്ത ജോലികൾ സ്ത്രീകളും ചെയ്തിരുന്നു. ആദ്യകാലം മുതൽതന്നെ പുരുഷന്മാരോടൊപ്പം സ്ത്രീകളും ജോലി ചെയ്തിരുന്നുവെന്നു ഇതു തെളിയിക്കുന്നു. വീട്ടുകാര്യങ്ങൾ നോക്കുക, നെല്ലുകുത്തുക, പാറുക, അതുപോലുള്ള ജോലികൾ ചെയ്യുക കുടുംബപരമായ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക ഇതെല്ലാം ഇന്നു സ്ത്രീകളുടെ ചുമതലയായി വന്നിരിക്കുകയാണ്. മുതലാളിത്തത്തിന്റെ ആവിർഭാവത്തോടുകൂടി സ്ത്രീത്തൊഴിലാളികൾ വളരെയധികം ജോലി ചെയ്യേണ്ടതായി വന്നു. പ്രയത്നശക്തിയെ വളരെയധികം ചൂഷണം ചെയ്യുന്നതിനുള്ള നടപടി മുതലാളിത്ത വ്യവസ്ഥിതിയിൽ ആരംഭിച്ചു. ഏറ്റവും കുറഞ്ഞ കൂലിക്കു ജോലി ചെയ്യാവുന്നതായ മാർഗ്ഗങ്ങളെ കണ്ടുപിടിച്ചു് മുതലാളിമാർ അന്വേഷിച്ചു. അവർക്കു ഏറ്റവും എളുപ്പമായി തോന്നിയ മാർഗ്ഗം സ്ത്രീകളെ ജോലിക്കെടുക്കുക എന്നുള്ളതായിരുന്നു. ബോംബ

LIBRARY ARCHIVES Kerala Legislative Assembly

യിലെ ടെക്സ്റ്റയിൽ മില്ലിൽ സ്ത്രീ തൊഴിലാളികളെക്കൊണ്ട് 15 മണിക്കൂർ ജോലി ചെയ്യിച്ചു. പുരുഷന്മാരെക്കാളും താണ കൂലി കൊടുത്തു. അങ്ങനെ മിൽ ഉടമസ്ഥന്മാർ തമ്മിൽ മത്സരം തുടങ്ങി. സ്ത്രീതൊഴിലാളികൾക്ക് കുറഞ്ഞ കൂലി കൊടുത്തുകൊണ്ട് കൂടുതൽ മണിക്കൂർ ജോലി ചെയ്യിക്കുക. ഇൻഡ്യയിലെ ഈ മത്സരത്തെ സംബന്ധിച്ച ലങ്കാ ഷെയർ മിൽ ഉടമസ്ഥന്മാർ അതിനെതിരായി ശബ്ദം ഉയർത്തി. സ്ത്രീകളെക്കൊണ്ട് കൂടുതൽ ജോലി ചെയ്യിക്കുവാൻ പാടില്ല. എന്നും സ്ത്രീതൊഴിലാളികളുടെ ജോലി സമയം നിയന്ത്രിക്കുന്ന നിയമനിർമ്മാണം ഉണ്ടാകേണ്ടതാണെന്നും ലങ്കാഷെയർ മിൽ ഉടമകളും വാദിച്ചു. 1772-ൽ മേജർ മൂർ ഇതിനെപ്പറ്റി ഒരു ലേഖനം എഴുതിയിട്ടുണ്ട്. ഇതുഇൻഡ്യയിലെ മിൽ ഉടമസ്ഥന്മാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ അതിനെ എതിർത്തു. ഈലേഖനം ഇൻഡ്യാ ഗവണ്മെൻറിന്റെ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുകയും സ്ത്രീതൊഴിലാളികളുടെ സാഹചര്യങ്ങളെക്കുറിച്ചു അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്, അതിലേക്കായി ഒരു കമ്മിഷനെ നിയമിച്ചു. ആ കമ്മിഷനു യാതൊരു ശുപാർശയും കൊടുക്കുവാൻ സാധിച്ചില്ല എന്നാണ് മനസ്സിലാകുന്നതു്. അതിനുശേഷം ഇംഗ്ലണ്ടിലെ മിസ് കാർപ്പന്റർ എന്ന വനിത ഇൻഡ്യയിലേക്ക് വരികയും ഇതു സംബന്ധിച്ച ഒരു നിയമനിർമ്മാണം ആവശ്യമാണെന്നു ശുപാർശ ചെയ്യുകയും ചെയ്തു. എന്നിട്ടും നിയമനിർമ്മാണം ഉണ്ടായില്ല. ബോംബെ ഗവണ്മെൻറ് ഒരു കമ്മറിയെ നിയമിച്ചു. കമ്മറിയിലെ ഭൂരിഭാഗം അംഗങ്ങളും നിയമനിർമ്മാണത്തിനു എതിരായിരുന്നു. ആ കാലഘട്ടത്തിലാണ് കേരളീയനായ ശ്രീ. ടി. എം. നായർ ബോംബെയിൽവച്ചു ഒരു പ്രസ്താവന ചെയ്തതു്. അദ്ദേഹം പറയുകയുണ്ടായി വളരെയധികം സ്ത്രീകളെ ആരും ചൂഷണം ചെയ്യുന്നുണ്ടെങ്കിലും അതു തെറ്റാണെന്നും.

"Abuses are abuses whether they are pointed out by friends or foes"

എന്നാണ് അവരെ സംബന്ധിച്ചു കേരളീയനായ ശ്രീ. ടി. എം. നായർ പറഞ്ഞതു്. അങ്ങനെയൊരു അഭിപ്രായം ശ്രീമതി കരിച്ചതിന്റെ ഫലമായിട്ട ഒരു കമ്മിഷനെ 1908-ൽ നിയമിക്കുകയുണ്ടായി. ആ കമ്മിഷന്റെ പ്രവർത്തന ഫലമായി സ്ത്രീതൊഴിലാളികളും രാത്രികാലങ്ങളിൽ ജോലിചെയ്യുന്നതിനെ തടഞ്ഞു. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ടു നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമം നടത്തി. ലേബർകൗൺസിൽ അംഗമായി ഇൻഡ്യാ ഐ. എൽ. ഓയിൽ തുടരുമ്പോഴാണ് ഇതു നടന്നതു്. അതിനെ തുടർന്നാണ് ഈവിധമുള്ള പെറിയ പെറിയ നിയമനിർമ്മാണങ്ങളും ഉണ്ടായതു്. ഏതായാലും നമ്മുടെ ഭരണഘടന നിലവിൽ വന്നപ്പോൾ ഭരണഘടനയിൽ പ്രത്യേകമായ വ്യവസ്ഥ വച്ചു. 39-ാംവകുപ്പു സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം നൽകാമെന്നു ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു, ആ വ്യവസ്ഥ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല കാര്യമായിട്ട എന്നാണ് എനിക്കു പൂണ്ടിക്കാണിക്കുവാനുള്ളതു്. ഐ. എൽ. ഓയുടെ ആറാമത്തെ കൺവൻഷനിൽ ഇൻഡ്യാ ഗവണ്മെൻറ് റിപ്പോർട്ട ചെയ്തുകയുണ്ടായി ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം തുല്യ വേതനം നൽകുന്നു എന്നു്. എന്നാൽ എല്ലാ രംഗങ്ങളിലും നടപ്പാക്കിയിട്ടില്ല എന്നു എനിക്കു പൂണ്ടിക്കാണിക്കുവാൻ കഴിയും. ഈ അടിസ്ഥാനത്തിൽ കേരളത്തിലേയും ഇൻഡ്യ ഒട്ടാകെയുമുള്ള കാര്യങ്ങളും പരിശോധിക്കേണ്ടതാണു്.

കേരളത്തിലാണ് ഏറ്റവും കൂടുതൽ സ്ത്രീതൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതു്. ഇൻഡ്യ ഒട്ടാകെയുള്ള കണക്കുകളും പരിശോധിച്ചു നോക്കിയാൽ ഏറ്റവും കൂടുതൽ ശതമാനം കേരളത്തിലാണെന്നു കാണാൻ കഴിയും. 47 ശതമാനം സ്ത്രീകളും കേരളത്തിൽ പണിയെടുക്കുന്നുണ്ട്. അതു വളരെ ഉയർന്ന ഒരു ശതമാനമാണു്. അമേരിക്കയിൽ 25.5 ശതമാനവും, യു. എസ്. എസ്. ആറിൽ 45 ശതമാനവും. ഇംഗ്ലണ്ടിൽ 30.8 ശതമാനം. ജപ്പാൻ 88.5 ശതമാനം. ഇൻഡ്യ 29.2 ശതമാനം. ഇതെല്ലാം പരിശോധിച്ചു നോക്കുമ്പോൾ എല്ലാ രാഷ്ട്രങ്ങളേക്കാളും ശതമാനക്കൂടുതൽ കേരളത്തിനാണെന്നു കാണാൻ കഴിയും. നമ്മുടെ രാജ്യത്തു സാധാരണ ജീവനത്തിൽ വളരെയധികം സ്ത്രീകളും ഉണ്ടു്. ഹൈക്കോടതിയിൽ ഒരു വനിതാ ജഡ്ജിയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

നമ്മുടെ ഈ നിയമസഭയിൽതന്നെ ഒരു വനിതാ ഡപ്യൂട്ടി സ്പീക്കർ ഉണ്ട്. തോണ തലങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ വളരെയധികം മെച്ചപ്പെട്ടിട്ടില്ല. ഒന്നാമതായി കൂലി കൊടുക്കുന്നതു നോക്കാം. സൂക്ഷ്മമായി പരിശോധിച്ചാൽ വിവേചനം ഉണ്ടെന്നു കാണാൻ കഴിയും. ഭരണഘടനയിൽ തുല്യജോലിക്കു തുല്യവേതനം കൊടുക്കണമെന്നു അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മിനിമംവേജസ് കമ്മറിക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്തമായ കൂലിനിരക്കാണ് വച്ചിട്ടുള്ളതു്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ ടൈബൂണലുകൾ അവരുടെ അവാർഡിൽ ഒരേ ജോലിയാണ് ചെയ്തിട്ടുള്ളതെങ്കിലും കൂലിനിരക്കിൽ പറഞ്ഞിട്ടുള്ളതു് പുരുഷന്മാരുടേതിൽനിന്നും നാലിൽ മൂന്നു എന്ന തരം തിരിച്ചാണ്. മിനിമംവേജസ് ആക്റ്റു അനുസരിച്ചു ഒരേ ജോലി ചെയ്യുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ വേതനം കൊടുക്കുന്നതിനു നടപടി ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്. അതുപോലെതന്നെ സ്ത്രീതൊഴിലാളികൾക്കു എല്ലാ രംഗങ്ങളിലും.... .. ....

ഡെപ്യൂട്ടി സ്പീക്കർ ; മെമ്പർ 15 മിനിട്ടു എടുത്തു കഴിഞ്ഞു.

ശ്രീ. പി. രവീന്ദ്രൻ : വേണമെങ്കിൽ 30 മിനിട്ടുവരെ എടുക്കാമെന്നുണ്ട്. സ്ത്രീകളുടെ കാര്യമാണ് പറയുന്നതു്. ഇതുവരെ സ്ത്രീകൾ പറഞ്ഞിട്ടു കേൾക്കാത്തതുകൊണ്ടു് ഇനി പുരുഷന്മാരെങ്കിലും പറഞ്ഞാൽ പ്രയോജനം ഉണ്ടാകുമെന്നു കരുതി പറയുകയാണ്. എനിക്കു അഞ്ചുമിനിട്ടു കൂടി വേണം. ഇന്നു ജോലിചെയ്യുന്നതിനുള്ള അവകാശത്തിനു തന്നെ വിവേചനം വച്ചിട്ടുണ്ടു്. പല രംഗങ്ങളിലും സ്ത്രീകൾക്കു ജോലി നിഷേധിക്കുന്നുണ്ടു്, സ്ത്രീയാണു് എന്നുള്ള കാരണത്താൽ. അവർ പല രംഗങ്ങളിലും റാഷണലൈസേഷൻ നടപ്പാക്കുമ്പോൾ തൊഴിലാളികളെ പിരിച്ചുവിടുന്നുണ്ടു്. ഇൻഡ്യ ഒട്ടാകെ വളരെയധികം സ്ത്രീകളെ പിരിച്ചുവിടുന്നുണ്ടു്. അതും കൂടി കണക്കിലെടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ ഉദ്യോഗങ്ങളിൽ പ്രമോഷൻ കൊടുക്കുന്ന കാര്യത്തിലും വളരെ വിവേചനം കാണിക്കുന്നുണ്ടു്. ജോലി കിട്ടാനുള്ള രംഗങ്ങളിൽ നിലവിലുള്ള വിവേചനം എടുത്തു കളയേണ്ടതാണു്. ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതാണു്.

സാങ്കേതികമായി സ്ത്രീ തൊഴിലാളികൾക്കു് പരിശീലനം ലഭിക്കുന്നതിനുള്ള അവസരം വളരെ കുറവാണു്. ജോലിചെയ്യുന്ന സമയത്തുതന്നെ ഏതെങ്കിലും തൊഴിലിൽ സാങ്കേതികമായി പരിശീലനം കൂടുതൽ ലഭിക്കുന്നതിനു് അതിനെ സ്പെഷ്യലൈസ് ചെയ്യുന്നതിനുള്ള സൗകര്യം അവക്കില്ല. സ്പെഷ്യലൈസ് ചെയ്യുന്നതിനുള്ള സൗകര്യം ജോലിചെയ്യുന്ന സമയത്തു് ജോലി സ്ഥലത്തുവെച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്. അതേപോലെ ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുന്നതിനു് ഉള്ള അവസരം സ്ത്രീതൊഴിലാളികൾക്കു് വളരെ വിരളമായി മാത്രമേ ലഭിക്കുന്നുള്ളു. അതിലും ഒരു മാറ്റം വരുത്തേണ്ടതാവശ്യമാണു്. തൊഴിലാളികളായ സ്ത്രീകളെ സംബന്ധിച്ചിടത്തോളം, അതായതു് അമ്മമാരെ സംബന്ധിച്ചിടത്തോളം തൊഴിലിനു പോകുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സൗകര്യം ഒട്ടുംതന്നെ ചെയ്തുകൊടുത്തിട്ടില്ല. ഫാക്റ്ററികളുടെ സമീപത്തുതന്നെ കുട്ടികളെ വളർത്തുന്നതിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. ചില ഫാക്റ്ററി അതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. തൊഴിലാളികളായ സ്ത്രീകൾക്കു് തങ്ങളുടെ കൈക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം കൂടുതൽ ഉണ്ടാക്കികൊടുക്കുകയും കുഞ്ഞുങ്ങൾക്കു് പാൽ കൊടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാവശ്യമാണു്. അവരുടെ വേതനത്തിൽ കുറവുചെയ്യാതെ തന്നെ ഇതിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. പല സോഷ്യലിസ്റ്റു രാജ്യങ്ങളിലും തൊഴിൽ ശാലകളോടു് അടുത്തുതന്നെ 'ക്രെഷസ്' ഏർപ്പെടുത്തിയിട്ടുണ്ടു്, ഓരോ മണിക്കൂറിലും പത്തു് മിനിറ്റു വീതം അമ്മമാരായ തൊഴിലാളികൾക്കു് അവരുടെ കുഞ്ഞുങ്ങളുടെ അടുത്തു പോകുന്നതിനു് അനുവദിച്ചിട്ടുണ്ടു്. അതിനു് അവരുടെ വേതനത്തിൽ കുറവു വരുത്തുകയുമില്ല. അത്തരത്തിലുള്ള സമ്പ്രദായം നമ്മുടെ നാട്ടിലും നടപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തേണ്ടതാവശ്യമാണ്. ഏതു തരത്തിലുള്ള ജോലിയായാലുംശരി കോൺട്രാക്റ്റർമാരുടെ കീഴിലുള്ള ജോലിയിലും, കടിൽ വ്യവസായ ശാലകളിലും, ഫാക്റ്ററികളിലും കശുവണ്ടി വ്യവസായശാലയിലും, കൈത്തറി വ്യവസായശാലയിലും, കയർ വ്യവസായശാലയിലും എല്ലാം ജോലിചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ഇന്ന് ജോലി സ്ഥിരത കൊടുക്കുന്നില്ല. തൊഴിലാളികൾക്ക് കൂടുതൽ കൂടുതൽ അവകാശങ്ങളും സംരക്ഷണങ്ങളും കൊടുക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളും ഉണ്ടാക്കുന്തോറും സ്ത്രീതൊഴിലാളികളുടെ ജോലിസ്ഥിരത കുറഞ്ഞുകുറഞ്ഞു വരികയാണ്. അവർക്ക് ജോലി കിട്ടാനുള്ള അവസരം പൊതുവേ കുറഞ്ഞു വരികയാണ്. അതുകൊണ്ട് അവർക്ക് ജോലികിട്ടാനുള്ള സൗകര്യവും, ജോലി സ്ഥിരതയും കൊടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്. തൊഴിലാളികളായ വൃദ്ധകൾക്കും, ഗർഭിണികൾക്കും സംരക്ഷണവ്യവസ്ഥ ഏർപ്പാടുചെയ്യണം. നമ്മുടെ സ്റ്റേറ്റിൽ വളരെ അനാരോഗ്യകരമായ രീതിയിൽ പ്രവൃത്തിയെടുക്കുന്ന സ്ത്രീതൊഴിലാളികളുണ്ട്. അതിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ളതു് കശുവണ്ടിവ്യവസായവും, കയർവ്യവസായവും ആണ്, കശുവണ്ടി വ്യവസായശാലകളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ കൈയ്യ് കണ്ടാൽ കുഷ്ഠരോഗം പിടിപെട്ടതുപോലെ തോന്നും. കശുവണ്ടി തല്ലുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഇവരുടെ കൈയ്യിൽ കറ പുരളുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. അവക്കെല്ലാംതന്നെ ഗ്ലൗസ് കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. പക്ഷേ ഒരൊറ്റ ഫാക്റ്ററിയിലും പണിയെടുക്കുന്നവർക്ക് ഈ ഗ്ലൗസ് കൊടുക്കുന്നില്ലെന്നുള്ളതാണ് സത്യം. അതുപോലെതന്നെ കായലോരപ്രദേശങ്ങളിൽ ഇരുന്ന് തൊണ്ടുതല്ലുന്ന സ്ത്രീതൊഴിലാളികളുടെ കാര്യവും. അവർ രാവിലെ മുതൽ വൈകുന്നേരംവരെ ഈർപ്പമുള്ള മണ്ണിൽ ആരോഗ്യത്തിനു് ഒട്ടും അനുയോജ്യമല്ലാത്ത ഒരു സാഹചര്യത്തിൽ ഇരുന്നുകൊണ്ടാണ് തൊണ്ടു തല്ലുന്നതു്. ഇക്കാര്യങ്ങളെപ്പറ്റിയെല്ലാം അന്വേഷിച്ചു് ഉടനടി അവർക്ക് എന്തെങ്കിലും സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ചില ജോലികളിൽ പ്രവേശിക്കുന്നതിനു് അവിവാഹിതകളായിരിക്കണമെന്നു് ഇപ്പോൾ വ്യവസ്ഥ എഴുതിവച്ചിട്ടുണ്ട്. വിവാഹിതരായാൽ ചില ജോലികളിൽ സ്ത്രീകൾക്ക് പ്രവേശിക്കാൻ സാധിക്കുകയില്ല. അതുപോലെതന്നെ ചില ജോലികളിൽ അവിവാഹിതകളേയും പ്രവേശിപ്പിക്കുകയില്ല. പിന്നെ ചില ജോലികൾക്ക് ഉദാഹരണമായി നെഴ്സുസിനു് ഒരു നിശ്ചിത കാലംവരെ വിവാഹം കഴിക്കാൻ പാടില്ലെന്നുണ്ട്. ഇത്തരത്തിലുള്ള വിവേചനങ്ങൾ എടുത്തുകളയേണ്ടതാവശ്യമാണ്.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം അനുസരിച്ചു് പുരുഷന്മാർ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ഡിപ്പൻറൻസായി അമ്മയേയും, അമ്മയേയും, ഭാര്യയേയും കണക്കാക്കി അതു് അവർക്ക് വാങ്ങുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. പക്ഷേ ഒരു സ്ത്രീ തൊഴിലാളിയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളതെങ്കിൽ അവരുടെ ഭർത്താവിനു് ഡിപ്പൻറൻറായി ആനുകൂല്യം കിട്ടുന്നില്ല. അതുകൊണ്ടു് സ്ത്രീതൊഴിലാളി ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ ഡിപ്പൻറൻറായി പുരുഷനേയും, പുരുഷൻ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ ഡിപ്പൻറൻറായി സ്ത്രീയേയും അംഗീകരിച്ചു് തുല്യത ഉണ്ടാക്കേണ്ടതാണ്.

ഇന്നു് നമ്മുടെ നാട്ടിലെ സ്ത്രീതൊഴിലാളികൾ വളരെയധികം ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ചു് സമഗ്രമായി പഠിച്ചു് ഒരു നിയമനിർമ്മാണം നടത്തുന്നതിനു് ഒരു കമ്മിറ്റിയെ നിയമിക്കണം. സ്ത്രീതൊഴിലാളികൾക്ക് ജോലിസ്ഥിരത കൊടുക്കുകയും, അവർക്ക് ജോലി കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും, അവർക്ക് സംരക്ഷണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നതിനെപ്പറ്റിയുള്ള കാര്യങ്ങളെ സംബന്ധിച്ചു് സമഗ്രമായി പഠിച്ചു് ഒരു സ്പെഷ്യൽ ഗവണ്മെൻറിലേക്ക് സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കണമെന്നാണ് ഞാൻ എൻറെ പ്രമേയംമൂലം ആവശ്യപ്പെടുന്നതു്. അതു് സഭ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ഓ. അയിഷാബായി: മാഡം, ഞാൻ ശ്രീ. രവീന്ദ്രൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുകയാണു്. സ്ത്രീതൊഴിലാളികളുടെ ചില ന്യായമായ അവകാശങ്ങളും, ആനുകൂല്യങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണു് ഇതു്. ഈ പ്രമേയത്തെ അപ്പുറത്തിരിക്കുന്ന സഹോദരന്മാരും സഹോദരിമാരും എതിർക്കുകയില്ലെന്നു് ഞാൻ വിശ്വസിക്കുകയാണു്. ഇന്നു് നമ്മുടെ നാട്ടിലെ ജനസംഖ്യയുടെ പകുതിയോ അതിലധികമോ ഉള്ളതു് സ്ത്രീകളാണു്. അങ്ങനെ പകുതിയിലധികം വരുന്ന ജനവിഭാഗമായ സ്ത്രീകൾ ഇന്നു് വളരെയധികം പിന്നോക്കനിലവാരത്തിലാണു് നിൽക്കുന്നതു് എന്നു് കാണാൻ കഴിയുന്നതാണു്. സാമൂഹ്യരംഗത്തുനോക്കിയാലും ശരി, സാമ്പത്തികരംഗത്തു് നോക്കിയാലും ശരി ഇന്നു് സാങ്കേതിക രംഗത്തു നോക്കിയാലും ശരി സ്ത്രീകൾ വളരെ പിന്നോക്ക നിലവാരത്തിലാണു് നിൽക്കുന്നതു് എന്നു കാണാം. ഇന്നു് നമ്മുടെ ഭരണഘടനയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തൊഴിൽരംഗത്തും, ഔദ്യോഗികരംഗത്തും സ്ത്രീക്കും പുരുഷനും തുല്യാവകാശങ്ങൾ ഭരണഘടനയിൽ വാഗ്ദാനം ചെയ്തിട്ടുണ്ടു്. പക്ഷെ അതിലെല്ലാം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നേല്ലാതെ ഒന്നുംതന്നെ നടപ്പിലായിട്ടില്ല. ഇന്നു് നമ്മുടെ രാഷ്ട്രീയ സാമ്പത്തിക സോഷ്യലിസ്റ്റു വ്യവസ്ഥിതി വിഭാവനം ചെയ്തിരിക്കുന്നതു് എന്താണു്. സാമൂഹ്യസാമ്പത്തിക സോഷ്യലിസ്റ്റു വ്യവസ്ഥിതി പടുത്തുയർത്താൻ കഴിയണമെങ്കിൽ ഈ രാജ്യത്തുള്ള എല്ലാ ആളുകളും എല്ലാ രംഗങ്ങളിലും മുന്നോട്ടു വരണം. അങ്ങനെ ഈ രാജ്യത്തുള്ള ആളുകളിൽ പകുതിയിലധികം വരുന്ന ജനവിഭാഗമായ സ്ത്രീകളെ പുറംതള്ളിക്കൊണ്ടു് ഈ രാജ്യത്തു് പുരോഗതി കൈവരിക്കാൻ സാധിക്കുകയില്ല. നമ്മുടെ ബഹുമാന്യ നേതാക്കന്മാർ തന്നെ പറഞ്ഞിട്ടുള്ളതു് സ്ത്രീകളും എല്ലാ രംഗങ്ങളിലും മുന്നോട്ടു വരണമെന്നാണു്. പെണ്ണുങ്ങളെ ആ വിധത്തിൽ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഏതെങ്കിലും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ, അല്ലെങ്കിൽ ഉണ്ടാകുന്നുണ്ടെന്നു് പരിശോധിച്ചാൽ വളരെ നിരാശയാണു് അനുഭവപ്പെടുന്നതു്. ഉദാഹരണമായി ഈ അസംബ്ലിയുടെ തന്നെ കാര്യം എടുക്കാം. ഈ രാജ്യത്തെ ജനവിഭാഗങ്ങളിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ പ്രതിനിധീകരിച്ചുകൊണ്ടു് എത്ര വനിതാമെമ്പറാണു ഇവിടെയുള്ളതു്? എന്നുമാത്രമല്ല ഇവിടത്തെമന്ത്രിസഭയിൽ ഒരൊറ്റ സ്ത്രീയെയെങ്കിലും മന്ത്രിയായിട്ടു എടുത്തിട്ടുണ്ടോ? ഒരു സ്ത്രീയെ മന്ത്രി സഭയിൽ എടുക്കുന്നതിനു് എത്ര കരഞ്ഞിട്ടും, പറഞ്ഞിട്ടും എടുക്കാൻ ഇവിടെയുള്ളവർ തയാറായില്ല.

ഡപ്യൂട്ടി: സ്പീക്കർ: ഇവിടെ തൊഴിലാളികളുടെ കാര്യത്തെപ്പറ്റിയുള്ള റസല്യൂഷനാണു് അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീമതി കെ. ഓ. അയിഷാബായി: ഇതു് സ്ത്രീകളെ ബാധിക്കുന്ന കാര്യമാണു്. ഡെപ്യൂട്ടിസ്പീക്കറും ഞാൻ പറഞ്ഞതിനു് അനുഭവസ്ഥയാണു്. വോട്ടു ചെയ്യാൻ പെണ്ണുങ്ങൾ വേണം. എന്നാൽ മന്ത്രിസഭയിൽ പ്രതിനിധീകരിക്കാൻ നേരത്തു് പെണ്ണുങ്ങളെ പുറകോട്ടുപിടിച്ചു മാറ്റുന്ന ഒരു സ്ഥിതിവിശേഷമാണുള്ളതു്. ഇതുകൊണ്ടു് തന്നെ മനസ്സിലാക്കാം സ്ത്രീകളെ പൊതുവേ അവഗണിക്കുകയാണെന്നു്.

നമ്മുടെ നാട്ടിൽ ഔദ്യോഗികരംഗത്തു നോക്കിയാൽ പെണ്ണുങ്ങൾക്കു് ജോലി കിട്ടുന്നതു് വളരെ വിരളമായിട്ടാണെന്നു കാണാവുന്നതാണു്. പെണ്ണുങ്ങളെ ഉദ്യോഗകാര്യങ്ങളിൽ പിന്നാക്കം പിടിച്ചുതള്ളുന്ന ഒരു നിലപാടാണു് ഇവിടെയുള്ളതു്. രണ്ടാമതു് പെണ്ണുങ്ങളെ ആരും വിദ്യാഭ്യാസം ചെയ്യിക്കുകയില്ല. കാരണം അതു് ലാഭകരമല്ലെന്നുള്ള ഒരു തോന്നൽ ഇന്നും ചിലയിടങ്ങളിൽ നിലനിൽക്കുകയാണു്. പെണ്ണുങ്ങൾ പഠിക്കാൻ മിടുക്കുള്ളവരാണെന്നു് തെളിയിക്കുന്ന അനേകം ഉദാഹരണങ്ങൾ ഇന്നുണ്ടു്. ഡാക്ടറന്മാരായും, ഇൻജിനീയേഴ്സായും, ഹൈക്കോടതി ജഡ്ജിമാരായും, മറ്റു പല ഉദ്യോഗങ്ങളിലും സ്ത്രീകൾ ഇന്നുണ്ടു്. അവർ ഉദ്യോഗരംഗങ്ങളിൽ പുരുഷന്മാരുടെകൂടെ വളരെയധികം ശോഭിക്കു

മെന്നു് ഇന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഇന്നു് സ്ത്രീകൾക്കു് ഉദ്യോഗങ്ങളിൽ കയറുന്നതിനു് വേണ്ടത്ര സാഹചര്യം ഉണ്ടാക്കികൊടുക്കുന്നില്ല. ഞാൻ അതിനു് വ്യക്തമായ അഭിപ്രായം ഈ സഭയുടെ മുമ്പിൽ വെയ്ക്കാം. ഇതിനുമുമ്പു പലപ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുണ്ടു് പബ്ലിക്കു് സർവ്വീസു് കമ്മീഷന്റെ ഒരംഗമായിട്ടു് ഈ നാട്ടിലെ പകുതിയിലധികം ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു സ്ത്രീയെ എടുക്കണമെന്നു്. ഇപ്പോഴും അവിടെ വേക്കൻസിയില്ലെങ്കിൽ ഒരു വേക്കൻസി ഉണ്ടാക്കി ഒരു സ്ത്രീയെ അവിടെ നിയമിക്കേണ്ടതാണു്. അങ്ങനെ ഏതു തുറയിലും സ്ത്രീകൾക്കു് പുരുഷന്മാരോടൊപ്പം തുല്യ പരിഗണന കൊടുക്കേണ്ടതാണു്. അതിനവർ അർഹരുമാണു്. ഈ ലോകത്തിന്റെ സൃഷ്ടിയ്ക്കും നിലനിൽപിനും വേണ്ടി അതിപ്രധാനമായ മാതൃത്വത്തിന്റെ പങ്കു വഹിക്കുന്നവരാണു് സ്ത്രീകൾ. അതുകൊണ്ടു് പുരുഷന്മാരേക്കാൾ എപ്പോഴുംകൊണ്ടും സ്ത്രീകളാണു് മുൻപന്തിയിൽ നിൽക്കേണ്ടതെന്നുള്ള കാര്യം കണക്കിലെടുക്കേണ്ടതാണു്.

ഇവിടെ തൊഴിൽ രംഗത്തുനോക്കിയാൽ വളരെ കുറച്ചു സ്ത്രീകൾ മാത്രമേയുള്ളുവെന്നു് കാണാവുന്നതാണു്. വളരെ കുറച്ചു വ്യവസായശാലകളിൽ മാത്രമേ സ്ത്രീതൊഴിലാളികളെ പ്രവേശിപ്പിക്കുന്നുള്ളൂ. ഏറ്റവും വൃത്തികെട്ടതും, ഏറ്റവും ബുദ്ധിമുട്ടുള്ളതും പുരുഷന്മാർ ചെയ്യാത്തതുമായ ജോലികളാണു് സ്ത്രീകളെ കൊണ്ടു ചെയ്തിരുന്നതു്. ഉദാഹരണമായി കശുവണ്ടി വ്യവസായത്തിലും കയർ വ്യവസായത്തിലും പണിയെടുക്കുന്ന സ്ത്രീകളുടെ കാര്യം അന്വേഷിച്ചാൽ അറിയാവുന്നതാണു്. അവിടെയും കുറച്ചാളുകളെ മാത്രമേ എടുക്കുന്നുള്ളൂ. അതുകഴിഞ്ഞു് ഇന്നത്തെ തൊഴിൽ രംഗം പരിശോധിച്ചു നോക്കിയാൽ വളരെ കുറച്ചു ശതമാനം മാത്രമേ സ്ത്രീകൾക്കു് ജോലികിട്ടുന്നുള്ളുവെന്നു കാണാവുന്നതാണു്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് പ്രമേയകർത്താവു് പറഞ്ഞതു പോലെ ഇന്നു് ഉയർന്ന ഉദ്യോഗങ്ങളിൽ സ്ത്രീകളെ പ്രവേശിപ്പിക്കുന്നില്ല. അതേപോലെതന്നെ സ്ത്രീതൊഴിലാളികൾക്കു് തൊഴിൽ രംഗത്തു് സാങ്കേതികമായ പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യം വളരെ കുറവാണു്. അവർക്കു് ജോലിസ്ഥലത്തുതന്നെ ജോലി സമയത്തു് സാങ്കേതികമായ പരിശീലനംലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കേണ്ടതാണു്. സ്ത്രീകൾക്കു് തൊഴിൽശാലകളിൽ തൊഴിൽ കിട്ടുന്നതിനും, അവക്കു് നല്ല രീതിയിലുള്ള ജോലികൾ കൊടുക്കുന്നതിനും, സാങ്കേതികമായ പരിശീലനം കിട്ടുന്നതിനും ആരോഗ്യകരമായ രീതിയിൽ ജോലി ചെയ്യുന്നതിനും ഉള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കേണ്ടതാവശ്യമാണു്

തൊഴിൽ ശാലകളിൽപോകുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള സെൻറുകളോ, മെറേർനിറി വാർഡുകളോ മറ്റുവിധത്തിലുള്ള സൗകര്യങ്ങളോ ഒന്നുംതന്നെ ഇന്നില്ല ഞാൻ ഒരു വ്യവസായശാലയിൽ ദിവസവും പോകുന്നുണ്ടു്. അതായതു് അവിടെ 'ക്രെഷസു്', എന്ന പേരിൽ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഒരു സ്ഥാപനം വ്യവസായശാലയോടു് അടുത്തു ഉണ്ടു്. അവിടെ ഒരുതരം തൊട്ടിൽ ഇട്ടിരിക്കുന്നു. അതിന്റെ പേരു് പിള്ളതൊട്ടിലെന്നാണു്. ആ വ്യവസായശാലയിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ ജോലി സമയത്തു് അവിടെ കൊണ്ടുചെന്നു് ആ തൊട്ടിലിൽ കിടത്തിയിരിക്കും. പകൽ കുഞ്ഞുങ്ങളെ കിടത്തുന്നതിനുള്ള പിള്ളതൊട്ടിലായിട്ടു് ഉപയോഗിക്കുന്ന ആ സ്ഥലം രാത്രി കന്നുകാലികളുടെ കിടക്കസ്ഥലമാണു്. അവിടെ കന്നുകാലികളുടെ മലമൂത്രങ്ങളും കൊണ്ടു് വളരെയധികം മലിനമായിട്ടാണു് കിടക്കുന്നതു്. അത്തരത്തിൽ വൃത്തികെട്ടതും, ആരോഗ്യപരമല്ലാത്തതുമായ ഒരന്തരീക്ഷത്തിലാണു് കുഞ്ഞുങ്ങളെ കിടത്തുന്നതു്. ആ കുഞ്ഞുങ്ങളെ നോക്കുന്നതിനു് ഏറ്റവും കുറഞ്ഞ ശമ്പളംകൊടുത്തുകൊണ്ടു് ഒരു വൃദ്ധയേയും നിയമിച്ചിരിക്കുകയാണു്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനു്, അവിടെ ബാലസേവികാ പരിശീലനം ലഭിച്ചിട്ടുള്ള കൃപൺകുട്ടികളെ ജോലിയ്ക്കു് നിയമിയ്ക്കേണ്ടതാണു്. സാധാരണ സ്ത്രീതൊഴിലാളികൾക്കു് താമസിക്കുന്നതിനുള്ള സൗകര്യം പോലും ഫാക്ടറികൾക്കടുത്തു കാണുന്നില്ല. ഇന്നു് സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ഒ. അയിഷാബായി]

ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി വിശേഷിച്ച് സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിനു വേണ്ടി നമ്മുടെ രാജ്യത്തു് ലക്ഷക്കണക്കിനു് രൂപ നീക്കിവയ്ക്കുന്നുണ്ടു്, ചെലവഴിക്കുന്നുണ്ടു്. എന്നാൽ ആ പണം ചെലവഴിക്കുന്നതിൽ ഒരു ബുദ്ധിപൂർവ്വമായ സമീപനമാണു് കാണിക്കുന്നതു്. അതിൽ ഒരു മാറ്റം വരുത്തേണ്ടതാവശ്യമാണു്. വളരെയധികം സ്ത്രീതൊഴിലാളികളും പണിയെടുക്കുന്ന ഫാക്ടറികളോടു് അനുബന്ധിച്ചു് 'ക്രഷസ്', സ്ഥാപിക്കുകയും, ഒരു നെഴ്സറിസ്കൂളും, ഒരു ഇൻഫർമേഷൻ സ്കൂളും, ഒരു മെറ്റേർണിറ്റി സെന്ററും ഉണ്ടാക്കേണ്ടതാണു്. ഇന്നു് സാമൂഹ്യക്ഷേമത്തിനു വേണ്ടി ചെലവഴിക്കുന്ന പണംമാത്രം ഇതിനുവേണ്ടി ചെലവാക്കിയാൽ മതിയാകുന്നതാണു് അതുകൂടാതെ സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും ചെലവാക്കുന്ന പണം വർക്കിംഗ് വിമൻസ് ഹോസ്റ്റലിനുവേണ്ടി ചെലവഴിക്കേണ്ടതാണു്, കുറഞ്ഞരീതിയിൽപണം ചെലവാക്കി കൊണ്ടുള്ള ഒരു ഹോസ്റ്റൽ പണി കഴിപ്പിച്ചാൽ മതി. ഞാൻ പറഞ്ഞ സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച പെൺകുട്ടികളെ നിയമിക്കേണ്ടതാണു്.

12 NOON

അതുപോലെതന്നെ ഈ സ്ത്രീതൊഴിലാളികൾക്കു് അവരുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടയാതൊരു വൈദ്യസഹായവും ലഭിക്കുന്നില്ല. 90 ശതമാനത്തോളം സ്ത്രീതൊഴിലാളികളും ഈ. എസ്. ഐ. സ്കീമിൽ ചേർന്നിട്ടുണ്ടെങ്കിലും ആ സ്കീം പ്രകാരമുള്ള മെറ്റേർണിറ്റി സൗകര്യമൊന്നുംഈ സ്ത്രീതൊഴിലാളികൾക്കു് ലഭിക്കുന്നില്ല. ഈ കുറവു പരിഹരിക്കുന്നതിനുവേണ്ടി ഈ. എസ്. ഐ. സ്കീമിന്റെ അടിസ്ഥാനത്തിൽ സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്ന കേന്ദ്രങ്ങളിൽ മെറ്റേർണിറ്റി വാർഡുകളോ മറ്റു സൗകര്യങ്ങളോ ഏർപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്, ഈ വിധത്തിൽ നമ്മുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ സ്ത്രീകൾക്കു് പ്രത്യേകമായ പരിഗണന നൽകണമെങ്കിൽ അടിയന്തിരമായി ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു പ്രത്യേക കമ്മിറ്റിയെവച്ചു് സ്ത്രീകളുടെ പ്രധാനപ്രശ്നങ്ങൾ പഠിച്ചു് റിപ്പോർട്ടു് ചെയ്യാനും അടിയന്തിരമായ നടപടികൾ സ്വീകരിക്കാനും നാം തയാറാകാത്തപക്ഷം നമുക്കു് സോഷ്യലിസത്തിലേക്കു് പുരോഗമിക്കാനൊന്നും സാദ്ധ്യമല്ല. ഒരു പക്ഷിക്കു് രണ്ടു ചിറകുണ്ടെങ്കിലേ പറക്കാൻ സാധിക്കുകയുള്ളു, എന്നതുപോലെ ഈ മനുഷ്യസമുദായത്തിൽ അധികം വരുന്ന സ്ത്രീ വിഭാഗത്തെ, വലതുപക്ഷമാകുന്ന സ്ത്രീ വിഭാഗത്തെ, അങ്ങനെ അവഗണിച്ചു് തള്ളിക്കളയുവാൻ സാദ്ധ്യമല്ല. ആദാമിന്റെ കാലം മുതൽ ശൂന്യാകാശത്തിന്റെ കാലംവരെ പെണ്ണുങ്ങൾ പുരുഷന്മാരെക്കാൾ കഴിവുള്ള വരാണെന്നാണു് എന്റെ അഭിപ്രായം. ദൈവം തൊടരുതെന്നു പറഞ്ഞ ആ വിലക്കപ്പെട്ട കനി പരിശോധിക്കുന്നതിനു് ഒരു സ്ത്രീയായ ഹവ്വാക്കാണു് ധൈര്യമുണ്ടായതു്. അവിടേയും സ്ത്രീയാണു് പുരുഷന്മാരേക്കാൾ കൂടുതൽ കഴിവുള്ളതെന്നു് തെളിയുന്നു. അതുപോലെ ശൂന്യാകാശയാത്രയ്ക്കു് ആദ്യമായി അയച്ചതു് ഒരു പെൺപട്ടിയെയാണു്. ശൂന്യാകാശയാത്രയിൽ ധൈര്യമായി പങ്കെടുത്തു് ലോകം മുഴുവൻ സഞ്ചരിച്ച വാലൻറീനാ തെരഷ്കോവു് ഇന്നു് ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു സ്ത്രീയാണു്. അങ്ങനെ ഇന്നു് ഏതു രംഗത്തുനോക്കിയാലും പുരുഷന്മാരേക്കാൾ കൂടുതൽ കഴിവു് സ്ത്രീക്കാണെന്നു കാണാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് സ്ത്രീകളുടെ കാര്യത്തിൽ, പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളുടെ കാര്യത്തിൽ അവർക്കു് വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനു് വേണ്ട നടപടി സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കേരള പബ്ലിക്സർവ്വീസു് കമ്മീഷനിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ ഒരു ഹരിജനെ നിയമിക്കുന്നതിനു് ബഹുമാനപ്പെട്ട മെമ്പർ എതിരെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീമതി കെ. ഒ. അയിഷാബായി : അങ്ങനെയല്ല, സ്ത്രീകൾക്കു് അർഹിക്കുന്നതായ സ്ഥാനം കിട്ടണമെന്നേ പറഞ്ഞുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ബഹുമാനപ്പെട്ട കായംകുളം മെമ്പർ പറഞ്ഞതു് വളരെ ശരിയാണു്. സ്ത്രീകളുടെ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണു്. പക്ഷെ, സ്ത്രീകളുടെ അദൃശ്യമായ മുക്കു കയറിലല്ലേ ഇന്നു പുരുഷന്മാർ കിടന്നു കറങ്ങുന്നതു് ?

ശ്രീ. ഓ. കോരൻ : മാഡം, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

After the word "Committee" in the resolution insert "including women Legislators"

ഒരു കമ്മിറ്റിയെ നിയമിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചിടത്തോളം വളരെ സവിസ്തരമായി ശ്രീമതി. അയിഷാബായി ഇവിടെ പ്രതിപാദിച്ചു. ഇങ്ങനെയൊരു കമ്മിറ്റി രൂപീകരിക്കുന്ന അവസരത്തിൽ സ്ത്രീകൾക്കു് പ്രത്യേകിച്ചു് സ്ത്രീ എം. എൽ. എ. മാർക്കു് പ്രാതിനിദ്ധ്യം നൽകികൊണ്ടു് കമ്മിറ്റി രൂപീകരിക്കുകയാണെങ്കിൽ വളരെയധികം വിദഗ്ദ്ധമായിട്ടുള്ള അഭിപ്രായങ്ങൾ കമ്മിറ്റി മുൻപാകെ സമർപ്പിക്കാനും മറ്റും സാധിക്കുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഇത്തരത്തിലുള്ള ഒരു ഭേദഗതി അവതരിപ്പിക്കാൻ കാരണമായിട്ടുള്ളതു്. ഇവിടെ സ്ത്രീ തൊഴിലാളികളുടെ കാര്യത്തെപ്പറ്റി പറഞ്ഞു. അക്കൂട്ടത്തിൽ തോട്ടിത്തൊഴിലാളികളും, കർഷകത്തൊഴിലാളികളും ഈ വിഭാഗങ്ങളിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി ഇന്നു വളരെ കഷ്ടത്തിലാണു്. തോട്ടിത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളെ സംബന്ധിച്ചു് പത്തുനാൽപ്പതു വയസ്സുവരെയുള്ള സ്ത്രീകൾ രക്തം കുറവുള്ളവരായിട്ടാണു് ഇന്നു കണ്ടുകൊണ്ടിരിക്കുന്നതു്. ഈവക തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ദുർഗ്ഗന്ധവായു ശ്വസിക്കുന്നതുകൊണ്ടാണു് ഇത്തരത്തിലുള്ള ഹാനി ഉണ്ടാകുന്നതെന്നു പറയപ്പെടുന്നു. കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ തോട്ടിത്തൊഴിലാളികളുടെ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണു്. നമ്മുടെ രാജ്യത്തെ ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണു്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളാണെങ്കിൽ വളരെയധികം ഉണ്ടു്. പ്രത്യേകിച്ചു് സോഷ്യലിസ്റ്റടിസ്ഥാനത്തിൽ നോക്കുമ്പോൾ അദ്ധ്വാനമാണു് ഏറ്റവും വലിയ സമ്പത്തു്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ വിഭാഗത്തെ സംബന്ധിച്ചു് ഒരു അന്വേഷണ കമ്മിറ്റിയെ നിയമിച്ചു് അവരുടെ പ്രശ്നങ്ങൾക്കു് ഒരു പരിഹാരം കാണേണ്ടതു് വളരെ ആവശ്യമാണു്. കാർഷികത്തൊഴിലാളികളെ സംബന്ധിച്ചു് പറയുമ്പോൾ എനിക്കു് ചങ്ങമ്പുഴ പാടിയ ഒരു പദ്യമാണു് ഓർമ്മ വരുന്നതു്.

ഉച്ചനേരത്തു പൊത്തിലൊതുങ്ങി
കൊച്ചരിപ്രാവു കുറുകുന്ന നാളിൽ
ചേറിലങ്ങിങ്ങു ചേറിലിരുന്നു
ഞാറുപാകും പുല പെൺകിടാങ്ങൾ
കൂട്ടിനുള്ളിലിരുന്നു കുകാനും
ഭാഗ്യമില്ലാ കൊച്ചരിപ്രാക്കൾ

ഉച്ചനേരത്തു് വെയിലു സഹിക്കാൻവയ്യാതെ പ്രാക്കൾ മരങ്ങളുടെ ശീതളച്ഛായയിലിരുന്നു വിശ്രമിക്കുമ്പോൾ പാവപ്പെട്ട കർഷകത്തൊഴിലാളികളായ പുലയ പെൺകിടാങ്ങൾ ജീവിക്കാൻ നിവൃത്തിയില്ലാതെ പൊരിവെയിലത്തു വയലുകളിൽ പണിയെടുക്കുന്നതു് നമുക്കു് കാണാൻ സാധിക്കും. അതുകൊണ്ടു് ഗവണ്മെന്റു് കമ്മിറ്റിയെ വച്ചു് അന്വേഷിപ്പിക്കുന്ന സമയത്തു് കാർഷികത്തൊഴിലാളികളുടെ കാര്യംകൂടി കമ്മിറ്റിയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കണമെന്നു് ഞാനീയവസരത്തിൽ അഭ്യർത്ഥിക്കുകയാണു്. ഇതു പറയുമ്പോൾ എനിക്കു് ഒരു കർഷകസ്ത്രീയുടെ കാര്യം ഓർമ്മ വരികയാണു്. ആ സ്ത്രീ വയലിൽ പണിയെടുക്കാൻപോകുന്ന സമയത്തു് ഒരു കുഴികുഴിച്ചു് അതിനകത്തു് തന്റെ കുട്ടിയെ കിടത്തിയിട്ടുപോയി. ആ സ്ത്രീ വൈകുന്നേരം ജോലി കഴിഞ്ഞു് തിരിച്ചുവരുമ്പോൾ ഈ കുട്ടി മലമൂത്രവിസർജ്ജനം ചെയ്തു് അതിൽ തന്നെ കിടക്കുകയാണു്. ഇതാണു് അവസ്ഥ. ജോലിക്കുപോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ.ഓ. കോരൻ]

അവരുടെ കുട്ടികളെ സൂക്ഷിക്കുന്നതിനു് ഇന്നു് യാതൊരു സൗകര്യവുമില്ല. സ്റ്റേറ്റു് പ്ലാനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽതന്നെ കർഷകത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ക്രെഷസു് തുപീകരിക്കുന്നതിനു് ശുപാർശ സമർപ്പിച്ചിരുന്നു. അതിനു് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചില്ല. നാം ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിയിലേക്കു് മാറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പാറയോടും മണ്ണിനോടും മല്ലിട്ട ഈ രാജ്യത്തു് സമ്പത്തുണ്ടാക്കുന്ന കാർഷികത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട സ്ത്രീതൊഴിലാളികളുടെ ക്ഷേമപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കു് മുൻഗണന നൽകണമെന്നും അതിനുവേണ്ടി കമ്മിറ്റിയെ രൂപീകരിക്കുന്നതിൽ സ്ത്രീകൾക്കു് മുൻഗണന നൽകുന്നതോടൊപ്പം സ്ത്രീ. എം. എൽ. എ. മാരെക്കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നും പറഞ്ഞുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഗോപാലൻ : മാഡം, ഞാൻ ഈ പ്രമേയാവതാരകന്റെ അഭിപ്രായങ്ങളോടു് പൂർണ്ണമായി യോജിക്കുകയാണു്, പക്ഷേ പ്രമേയം പിൻതാങ്ങി സംസാരിച്ച ശ്രീമതി അയിഷാബായി പറഞ്ഞ ചില വസ്തുതകൾ യാഥാർത്ഥ്യങ്ങൾക്കു് നിരക്കാത്തതാണെന്നുള്ള കാര്യം എനിക്കു് സഭയെ അറിയിക്കേണ്ടതായിട്ടുണ്ടു്. സ്ത്രീക്കു് കഴിവുണ്ടു്, അവരോടു് ഔദാര്യം കാണിക്കണം, അവർ ദുർബലരാണു് എന്നൊക്കെ പറയുന്നതു് വളരെ കഷ്ടമാണു്.

ശ്രീമതി കെ. ഒ. അയിഷാബായി: ഔദാര്യം കാണിക്കണം എന്നു ഞാൻ പറഞ്ഞില്ല. കൂടുതൽ പരിഗണന നൽകണമെന്നാണു് പറഞ്ഞതു്.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ദുർബലരാണെന്നു സ്ത്രീകൾക്കു് പേരുണ്ടാക്കുന്നതു് ശരിയാണോ ?

ശ്രീ. പി. ഗോപാലൻ : ഇതേ സംബന്ധിച്ചു് ഒരു വിവാദത്തിൽ ഏർപ്പെടണമെന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയാം. സ്ത്രീകളും പുരുഷന്മാരെപ്പോലെ തുല്യരാണു്. തുല്യശക്തിയുണ്ടെന്നു പറയുവാൻ കാരണം ആദാമിന്റെ വാരിയെല്ലു എടുത്താണു് സ്ത്രീയെ ഉണ്ടാക്കിയിരിക്കുന്നതു് എന്നു ബൈബിളിൽ പറയുന്നു. അപ്പോഴും സ്ത്രീകൾക്കു് പുരുഷന്മാരുമായി യാതൊരു വ്യത്യാസവുമില്ല. പുരുഷന്റെ വാരിയെല്ലാണല്ലോ സ്ത്രീ. അങ്ങനെയുള്ള സ്ത്രീകൾക്കു് ഒരു പ്രത്യേകതയുണ്ടു്. ദൈവം പ്രസാദിച്ചു് ഒരു അധികാരം പുരുഷന്മാർക്കു് കിട്ടിയിട്ടില്ല.

ശ്രീ. എൻ. എസു്. കൃഷ്ണപിള്ള : ഈ ബലയും അബലയും കുറുന്തോട്ടിയുടെ രണ്ടു ഭാഗങ്ങളാണു്. ശ്രീരാമനും സീതയും കാട്ടിൽ പോകുന്ന അവസരത്തിൽ അവർക്കു് സുഖക്കേടു വരാതിരിക്കാൻവേണ്ടി വിശ്വാമിത്രൻ ബലയും അബലയും ഭക്ഷിച്ചുകൊള്ളാൻ ഉപദേശിച്ചുകൊടുത്തു. അങ്ങനെയാണു് അബലയായതെന്നറിയാമോ ?

ശ്രീ. പി. ഗോപാലൻ : കുറുന്തോട്ടിയുടെ കാര്യം ഞാൻ പഠിച്ചിട്ടില്ല. ഞാൻ സ്ത്രീകളുടെ കാര്യം പറയുകയാണു്. നമ്മുടെ ഭരണഘടന അനുവദിച്ചിട്ടുള്ള തുല്യപദവി സ്ത്രീകൾക്കു് കൊടുക്കണം. ജോലിചെയ്യുന്നകാലത്തു് അതനുസരിച്ചു് തുല്യജോലിക്കു് തുല്യകൂലി അവർക്കു് കൊടുക്കണം. ഫാക്ടറികളിൽ ഇന്നവർക്കു് പ്രസവാനുകൂല്യങ്ങളും മറ്റും ഉള്ളതിന്റെ പേരിൽ അവർക്കു് ആനുകൂല്യം കൊടുക്കണമെന്ന കാരണംകൊണ്ടു് സ്ത്രീതൊഴിലാളികളെ ഫാക്ടറികളിൽ നിയമിക്കുന്നില്ലെന്നുള്ള കാര്യവും ഉള്ള സ്ത്രീ തൊഴിലാളികളെ എന്തെങ്കിലും കാരണവശാൽ പിരിച്ചുവിടുന്ന കാര്യവും നാം ഓർക്കേണ്ടതാണു്, മറ്റു കാര്യങ്ങളെ സംബന്ധിച്ചു് നിയമനിർമ്മാണങ്ങളും പലതും നാം ചെയ്തിട്ടുണ്ടു്. അവർ പ്രസവിക്കുന്നതുകൊണ്ടു് നാം അവർക്കു് ചില വിട്ടുവീഴ്ചകളൊക്കെചെയ്തുകൊടുത്തിട്ടുണ്ടു്. ഗർഭം ധരിക്കലും പ്രസവിക്കലും ബുദ്ധിമുട്ടുള്ള കാര്യമെന്നുള്ളതു് നാം അംഗീകരിക്കണം. അതു ഞങ്ങൾക്കു് ഏറ്റെടുക്കാനുള്ള വിഷമംകൊണ്ടാണു് പറയുന്നതു്. പുരുഷന്മാർക്കു് പ്രസവം ഏറ്റെടുക്കാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയില്ല. ആ നിലയ്ക്ക് ഈ ദൗർബല്യം വകവച്ചുകൊണ്ട് അതിനനുസരിച്ചു വിട്ടുവീഴ്ചകൾ ചെയ്യാനും പുരുഷന്മാർ തയ്യാറാകണം. അവർക്ക് ചില സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. പിന്നെ ഞങ്ങൾ സ്ത്രീകളാണ്, അബലകളാണ് എന്നൊക്കെ പറയുന്നതു ശരിയല്ല. പഴയ കാലത്തുണ്ട് ഇത്തരം ഔദാര്യവും പെരുമാറ്റവും ഉണ്ടായിരുന്നു. ഈ പ്രമേയം കൊണ്ടുവന്നതു തന്നെ ഒരു പുരുഷനാണ്. പുരുഷനു അതുക്കും സ്ത്രീയോട് സ്നേഹമാണ്. ആ നിലയ്ക്ക് സ്ത്രീയേയും പുരുഷനേയും വേർതിരിച്ച് സ്ത്രീവർഗ്ഗമെന്നും പുരുഷവർഗ്ഗമെന്നും വ്യത്യാസപ്പെടുത്തുന്നതു കഷ്ടമാണ്. ഞങ്ങൾക്ക് ഒരിക്കലും സ്ത്രീകളോട് വിദ്വേഷമില്ല. അവരോട് നല്ല രീതിയിൽ പെരുമാറണമെന്ന അഭിപ്രായമുള്ളവരാണ് ഈ സ്റ്റേറിലെ ഭൂരിഭാഗം ആളുകളും. അതിന്റെ പ്രത്യക്ഷോദാഹരണമാണ് സ്ത്രീകളുടെ അവകാശത്തെ സംബന്ധിച്ച് പുരുഷനായ ശ്രീ. രവീന്ദ്രൻ ഒരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. അതിനു് സ്ത്രീകളും നന്ദിയുള്ളവരായിരിക്കണമെന്ന പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ കൃഷ്ണൻ: സ്ത്രീകളോട് സ്നേഹമില്ലാത്ത പുരുഷന്മാർ ആരെങ്കിലുമുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : മാഡം, ശ്രീ. രവീന്ദ്രൻ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു് മുന്നോട്ടു പോകുന്ന വണ്ടിയുടെ ഗതിഞ്ഞം പിന്നോട്ടു തിരിക്കാനുള്ള ശ്രമമാണെന്നു തോന്നുന്നു. ചരിത്രാതീതകാലം മുതൽക്കുതന്നെ ഈ ഭാരത രാജ്യത്തു് സ്ത്രീകൾ അബലകളായിരുന്നില്ല. അതിനു് ശ്രീമാൻ രവീന്ദ്രൻ തന്നെ ചിലതെല്ലാം പറഞ്ഞു. ഏതു പുരാണമെടുത്താലും, ഏതു പഴയ ഗ്രന്ഥങ്ങൾ നോക്കിയാലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഉന്നതമായ പദവികൾ അംഗീകരിച്ചിട്ടുണ്ട്. തുടൻ തന്നെ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായി നോക്കുകയാണെങ്കിൽ ഇംഗ്ലീഷുകാർ ഈ രാജ്യം അടക്കി ഭരിച്ചിരുന്ന കാലത്തുപോലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി സ്ത്രീകൾ തന്നെ മുന്നോട്ടു വന്നിട്ടുണ്ട്. അതാണ് ചരിത്രം പറയുന്നതു്. അതുകൊണ്ട് അവർ പിന്നിലാണെന്നും, അവർക്ക് സമൂഹത്തിൽ വേണ്ട സ്ഥാനമില്ലെന്നും പറയുന്നതു് ആരും വിശ്വസിക്കുകയില്ല. അതുപോലെ തന്നെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പ്രാരംഭമായി മഹാത്മാഗാന്ധി രംഗത്തുവന്ന കാലത്തു തന്നെ. സാമ്പത്തികമായും സാമൂഹ്യമായും സ്ത്രീകളെ ഉണർത്തി രംഗത്തു കൊണ്ടുവന്നു് സജീവമായ നിലയിൽ എല്ലാ പോരാട്ടങ്ങളിലും ഉടനീളം പങ്കെടുപ്പിച്ചിട്ടുള്ളതായി കാണാൻ കഴിയും. അതിനെക്കാൾ കൂടുതലായി ഈ നൂറാണ്ടിൽ പലരേയും സ്ത്രീകൾ നല്ല മാർഗ്ഗത്തിൽ കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ കസ്തൂർബാ ഗാന്ധിക്കു സ്വാധീനിപ്പിക്കാൻ കഴിഞ്ഞു എന്നു പറഞ്ഞാൽ ശ്രീ. എൻ. എസ്. കൃഷ്ണപിള്ള പറഞ്ഞതുപോലെ ഏതു രംഗത്തായാലും പുരുഷന്മാരെ മുഴുവനും രേണത്തലവനായാലും, പട്ടാളത്തലവനായാലും സ്വാധീനിപ്പിക്കാനുള്ള കഴിവു് സ്ത്രീകൾക്കുണ്ടെന്നുള്ളതു് മറച്ചുവയ്ക്കേണ്ടതില്ല. അതാണ് വാസ്തവത്തിൽ നില. ഇൻഡ്യയെ സംബന്ധിച്ചു പറയുകയാണെങ്കിൽ റിപ്പബ്ലിക്കായി മാറി രേണഘടന തയാറാക്കിയപ്പോഴും തന്നെ ഇക്കാര്യങ്ങളും മുന്നിൽവച്ചുകൊണ്ട് പുരുഷന്മാരോടൊപ്പം സ്ത്രീകളേയും കണക്കിലെടുത്തുകൊണ്ട് യാതൊരു തരത്തിലും അവരോട് അവഗണനാപരമായി പെരുമാറാൻ പാടില്ലെന്നും പറഞ്ഞു് ഫണ്ടമെന്റൽ റൈറ്റ്സ് പോലെതന്നെ റൈറ്റ്സ് ഉണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ രാജ്യത്തെ ഷെഡ്യൂൾഡ് കാസ്റ്റ് ബാക്ക് വേഡ് കാസ്റ്റ് ഇങ്ങനെയുള്ളവർക്കും പ്രത്യേകമായ പരിഗണന രേണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അതു കുറെകൊല്ലത്തേയ്ക്കുകൂടി നിലനിൽക്കുകയും വേണം. അതുകഴിഞ്ഞു പിന്നെ സ്ത്രീകളെസംബന്ധിച്ചിടത്തോളം ഒരുത്തരയിലും പിന്നോക്കമാണെന്നു പറയാൻ നിവൃത്തിയില്ല. ഇന്നു് ഇൻഡ്യയിൽ ഗവർണ്ണർമാരായിരണ്ടു മഹതികളുണ്ട്. ഒന്നു് മഹാരാഷ്ട്രയിലും മറ്റൊന്നു ബംഗാളിലും. മഹാരാഷ്ട്രയിലെ ഗവർണ്ണർ ലോകരക്ഷാസമിതിയിലെ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നു. അതുപോലെതന്നെ ഏതു രംഗത്തു നോക്കിയാലും സിവിൽ സർവ്വീസിലായാലും, വ്യവസായ സ്ഥാപനങ്ങളിലായാലും മറ്റു നിലവിലുള്ള ടെക്നിക്കൽ സ്ഥാപനങ്ങളിലായാലും വിമാനങ്ങൾ ഓടിക്കാനുള്ള പൈലറ്റു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

വരെ ആകാനും ഇന്നു് സ്ത്രീകളെ കഴിച്ചേ ആളുകാം ഉള്ള എന്ന നില വന്നിരി ക്കുകയാണു്. ഇൻഡസ്ട്രിയൽകാറഗറി എന്നുള്ള നിലയ്ക്കു് സെൻസ്സസ് എടുത്തപ്പോഴും സ്ത്രീകളെ ഒൻപതു് കാറഗറിയായിട്ടാണു് തിരിച്ചിട്ടുള്ളതു്.

1. Working as cultivator.
2. Working as agricultural labourer.
3. Working in mining, quarrying, livestock, forestry, fishing, hunting and plantations, orchards and allied activities.
4. Working at household industry.
5. Working in manufacturing other than household industry.
6. Working in construction.
7. Working in trade and commerce.
8. Working in Transport, storage and communications, and
9. Working in other services.

ഇങ്ങനെ തരംതിരിക്കുകയുണ്ടായി. ഈ നിലയിൽ പൊതുവേ ഉന്നതമായ നില വാരമാണു് വച്ചുപുലത്തുന്നതു്. പിന്നിൽ അല്ലെന്ന പ്രത്യേകം മനസ്സിലാക ന്നതാണു്. ഇന്നു് ശ്രീമാൻ രവീന്ദ്രൻ സംസാരിച്ചപ്പോഴും തൊഴിലാളികളുടെ നിലയിൽ ജോലിചെയ്യുമ്പോഴും അവരെ പൊതുവേ രണ്ടുതരമായി കണ ക്കാക്കി കൂലികൊടുക്കുന്നുണ്ടെന്നു പറയുകയുണ്ടായി. അതൊന്നും ശരിയല്ല. കേരളത്തെ പ്രത്യേകമായി എടുത്തുപറയുകയാണെങ്കിൽ കേന്ദ്രഗവണ്മെൻറ് തന്നെ ഇൻഡ്യയുടെ ഏതു ഭാഗത്തായാലും, വിദ്യാഭ്യാസയോഗ്യതയുള്ള സ്റ്റോററി ലായാലും ഇങ്ങനെ തരംതിരിക്കാൻ പാടില്ലെന്നു് നിയമം ഉണ്ടാക്കിയിട്ടുണ്ടു്.

ശ്രീമതി കെ. ഓ. അയിഷാബായി : നിയമത്തിനു പോരായ്മ ഉണ്ടെ ന്നല്ല പറഞ്ഞതു്. ഇന്നുള്ള നിയമത്തെ ലംഘിക്കുന്നതിനുവേണ്ടിയുള്ള പഴ തുകാം തൊഴിലുടമകാം കണ്ടുപിടിച്ചിട്ടുണ്ടു്. ഇന്നു തൊഴിലാളികാംക്കു് അനു വദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നിയമത്തെ ലംഘിച്ചുകൊണ്ടു് നിഷേധി ക്കുന്നുണ്ടെന്നാണു് ശ്രീ. രവീന്ദ്രൻ പറഞ്ഞതു്. അല്ലാതെ നിയമത്തിനു പോരായ്മ ഉണ്ടെന്നുള്ള നിലയ്ക്കല്ല. ഇങ്ങനെ നിയമത്തെ ലംഘിക്കുന്നതു് ഇല്ലാതാക്കണമെന്നാണു് പറഞ്ഞതു്.

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ശ്രദ്ധയിൽ പ്പെടുത്തിയാൽ അതിനു് പരിഹാരം ഉണ്ടാക്കുന്നതാണു്.

ശ്രീ. കെ. അനിരുദ്ധൻ : ഈ കുട്ടനാട്ടുപ്രമുഖനായ തൊഴിലാളി സ്ത്രീകാംക്കു കൂലി വളരെ കുറവാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ? അതു പോലെതന്നെ ടെക്സ്റ്റൈൽ ടെക്നാളജി സ്കൂളിൽ 17 കൊല്ലമായി തുടർച്ച യായി ജോലിചെയ്യുന്ന 7 സ്ത്രീകളെ ഡെയിലി വേജസിൽ വച്ചുകൊണ്ടിരിക്കുക യാണെന്നും അവരെ സ്ഥിരപ്പെടുത്തുന്നില്ലെന്നും അറിയാമോ ? അവക്കു് മറ്റു ആനുകൂല്യങ്ങളൊന്നും ഇല്ല. ഒരു രൂപ 80 നയാപൈസ മാത്രമാണു് ദിവസം കൂലികൊടുക്കുന്നതു്.

ശ്രീ. കെ. ടി. അച്യുതൻ : തുല്യജോലിക്കു് തുല്യകൂലി എന്നാണു് പറ ഞ്ഞിട്ടുള്ളതു്. പുരുഷന്മാർ ചെയ്യുന്നതുപോലെ കഠിനമായ ജോലിചെയ്യാൻ സാധിക്കാതെവരുമ്പോഴും തുല്യകൂലി കൊടുക്കാൻ സാദ്ധ്യമല്ല. തുല്യമായ വാല്യു ഉള്ള ജോലിചെയ്താൽ തുല്യമായ കൂലിയുണ്ടു്. അതിനു നിലവിലുണ്ടു്. മിനിമംവേജസ് കമ്മിറ്റിക്കാർ പരിശോധിച്ചു നിശ്ചയിച്ച കൂലിയാണു സ്ത്രീ തൊഴിലാളികാംക്കും കൊടുക്കുന്നതു്. തുല്യമായ ജോലിയാണെങ്കിൽ തുല്യമായ കൂലിയും കൊടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള ; പ്രമേയാവതാരകൻ പറഞ്ഞതു പോലെ നാഷണലൈസേഷന്റെ ഫലമായിട്ടു് പ്ലാന്റേഷനിലും മറ്റുമുള്ള സ്ത്രീതൊഴിലാളികളുടെ എണ്ണം കുറവുചെയ്യാൻ പോകുന്നു എന്നുള്ളതു് ഒരു വസ്തുതയാണു്, അതു് ഗവണ്മെന്റു് നിഷേധിക്കുകയില്ലല്ലോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്ത്രീകളെ സംബന്ധിച്ചിടത്തോളം തുല്യമായ പദവി ഉണ്ടെന്നു പറഞ്ഞാൽ പ്രത്യേകമായ പരിഗണന വേണമെന്നു പറയാൻ നിവൃത്തിയില്ല. കശുവണ്ടി വ്യവസായ ശാലകളിൽ ജോലിചെയ്യാൻ സ്ത്രീതൊഴിലാളികൾക്കു് മാത്രമേ സാധിക്കുകയുള്ളു. അവിടെ പുരുഷന്മാർക്കു് ജോലി കൊടുക്കുകയില്ല. അണ്ടി തല്ലാനും അതു ശരിപ്പെടുത്താനും സ്ത്രീകൾക്കേ സാധിക്കയുള്ളു. ആ ജോലി അവർ മാത്രമേ ചെയ്യുകയുള്ളു. അതുകൊണ്ടു് അവർക്കു് മാത്രമേ അവിടെ ജോലി കൊടുക്കുകയുള്ളു. അതുപോലെതന്നെ ഈ ചകിരി തല്ലുന്ന ജോലിക്കും. അവിടെ പുരുഷന്മാർ എത്ര ശ്രമിച്ചാലും സ്ത്രീകളേയേ എടുക്കുകയുള്ളു. അതുകൊണ്ടു് നിർബന്ധമായി ചില ജോലികൾ പുരുഷന്മാർക്കേ കൊടുക്കാവൂ, ചില ജോലികൾ സ്ത്രീകൾക്കേ കൊടുക്കാവൂ എന്നുണ്ടു്. അതിൽ ഞങ്ങൾക്കു വേണം, ഞങ്ങൾക്കു വേണം എന്ന വാദഗതിക്കു് സ്ഥാനമില്ല. അതുകൊണ്ടു് ഇപ്പോൾ രണ്ടു സ്ഥലങ്ങളിൽ പുരുഷന്മാർക്കു് കിട്ടിയാൽ വേറെ നാല സ്ഥലങ്ങളിൽ സ്ത്രീകൾക്കു് കിട്ടും പുരുഷന്മാർക്കു് കിട്ടുകയില്ല. ഏതു വ്യവസായശാലയായാലും ഒരു സ്ത്രീക്കു് പ്രസവകാലമടുത്താൽ അവധി കൊടുക്കും. പ്രസവിച്ചുകഴിഞ്ഞുവന്നാൽ കുട്ടികളെ നോക്കുന്നതിനും അവർക്കു് ശുശ്രൂഷകൾ ചെയ്യുന്നതിനും സൗകര്യമുണ്ടു്. ശ്രീമാൻ രവീന്ദ്രൻ പറയുന്നതു പോലെ അത്ര വലിയ സൗകര്യങ്ങളൊന്നും ചിലപ്പോൾ കാണുകയില്ല. നമ്മുടെ വീട്ടിൽ എങ്ങനെയാണു് കുഞ്ഞുങ്ങളെ നോക്കാൻ കഷ്ടപ്പെടുന്നവോ അതുപോലെ ചിലപ്പോൾ ചില കഷ്ടപ്പാടുകൾ വരുന്നുണ്ടായിരിക്കാം. ഈ രാജ്യത്തുള്ള എല്ലാവർക്കും താമസിക്കാൻ വീടുണ്ടോ ? അതുപോലെതന്നെയാണു് ഫാക്ടറികളുടെ കാര്യവും. അവിടെയുള്ള അമ്മമാരേയോ, കുട്ടികളേയോ നോക്കണ്ട എന്നു് ഗവണ്മെൻറിനും വിചാരമില്ല, ഫാക്ടറി ഉടമകൾക്കും വിചാരമില്ല.

ശ്രീമതി കെ. ഒ. അയിഷാബായി : മെറ്റേർണിറ്റി ബനിഫിറ്റു ആക്ടു് എൻഫോഴ്സു് ചെയ്യാൻ ശ്രമിക്കുന്നുണ്ടു്. ഇങ്ങനെ സ്ത്രീതൊഴിലാളികൾക്കു് ഇന്നു് പ്രസവകാലാനുകൂല്യം നൽകിവരുന്നുണ്ടു്.

ശ്രീ. കെ. ടി. അച്യുതൻ : ഇതു് അതിന്റെ പ്രശ്നമല്ല. തുല്യജോലിക്കു് തുല്യവേതനം കൊടുക്കണമെന്ന പ്രശ്നമാണു്. ഇവിടെ ഒരു ഫാക്ടറി ആകട്ടെ. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇതിൽ അവർക്കു് ചില ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ടു്. രാത്രികാലങ്ങളിൽ ജോലി ചെയ്യാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നു. പിന്നെ പ്രസവകാലാനുകൂല്യം കൊടുക്കുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിഷമമുണ്ടെന്നു കണ്ടുകൊണ്ടാണു് അവർക്കു് ഈ പ്രത്യേകാനുകൂല്യങ്ങൾ നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങളിലും പ്രത്യേകമായ പരിരക്ഷകൾ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. തുല്യജോലിക്കു തുല്യകൂലി കൊടുക്കണമെന്ന തത്വം അംഗീകരിച്ചിട്ടുണ്ടു്. അതിനു് ഒരു വ്യത്യാസവും വരുത്തുന്നില്ല. മറ്റു ചില കാര്യങ്ങൾ സ്ത്രീകളെക്കൊണ്ടു് സ്വാഭാവികമായും ചെയ്യാൻ സാധിക്കുകയില്ല. അവരുടെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി ഹെൽത്തു്, സാക്ഷരതാ ഇവ നോക്കുകയാണെങ്കിൽ സാങ്കേതിക കാളേജുകളും, മെഡിക്കൽ കാളേജുകളും മറ്റു പ്രത്യേക പോളിടെക്നിക്കുകളും ഉണ്ടു്. കേരളത്തെ സംബന്ധിച്ചു് ഇത്രയും സൗകര്യങ്ങളുണ്ടു്. കൂടാതെ മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ചു് കൂടുതൽ വിദ്യാഭ്യാസ സൗകര്യമുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇവിടെ പുരുഷന്മാർക്കു് സ്ത്രീകളെക്കാൾ കൂടുതൽ ശമ്പളമുണ്ടെന്നു പറഞ്ഞു. അതുപോലെ തന്നെ സ്ത്രീ നേഴ്സുകളെക്കാൾ കുറഞ്ഞ ശമ്പളം വാങ്ങുന്ന മെയിൽ നേഴ്സുകളുണ്ടെന്നു വിവരം ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : സ്ത്രീകളും ദുർബലകളാണെന്നും അവരെക്കാളും കൂടുതൽ അവകാശം പുരുഷന്മാർക്കുണ്ടെന്നും പറയുന്നതുകൊണ്ട് ഈ കാര്യത്തിൽ അസൂയപ്പെടാനില്ല. ചില പ്ലാന്റേഷനുകളിലും, റബ്ബർ ടീ മുതലായവ കൃഷി ചെയ്യുന്ന ചില പ്ലാന്റേഷനുകളിലും സ്ത്രീകൾക്ക് ജോലി കിട്ടുന്നുണ്ട്. അതുപോലെ തന്നെ ഈ രാജ്യത്ത് ഒരു സോഷ്യൽ വെൽഫെയർ ബോർഡ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ കൂടുതലായാലും ചെലവു ചെയ്യുന്നത് ഈ രാജ്യത്തെ സ്ത്രീകളേയും കുട്ടികളേയും നന്നാക്കാൻ വേണ്ടിയാണ്. അതുകൊണ്ട് ഒരു തുറയിലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം മനഃപൂർവ്വമായി ഒഴിവാക്കപ്പെടുന്നു എന്നു പറയാനുള്ള കാര്യങ്ങളും കാണുന്നില്ല. സമൂഹത്തെ പ്പറ്റി പറയുമ്പോൾ ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റുകളേയും അപേക്ഷിച്ചു നോക്കുമ്പോൾ അവർക്ക് ഒരു നല്ല സ്ഥാനം ഈ സ്റ്റേറ്റിൽ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇവിടത്തെ നമ്മുടെ അമ്മമാരേയോ സഹോദരിമാരേയോ അവഗണിച്ചിട്ടില്ല. അതുകൊണ്ട് അവരെ പിൻതള്ളുന്നു എന്ന ഒരു പ്രമേയം കൊണ്ടുവന്നാൽ അതുകൊണ്ട് പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. അത് അഖിലേൻഡ്യാടിസ്ഥാനത്തിൽ തീരുമാനിക്കേണ്ട കാര്യമാണ്. എന്തെങ്കിലും അവശതകളുണ്ടെങ്കിൽ അന്നന്ന് പറഞ്ഞു അതിനു പരിഹാരം ഉണ്ടാക്കാമെന്നല്ലാതെ ഒരു കമ്മിറ്റിയെ വയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആ നിലയിൽ ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യേണ്ട ആവശ്യവുമില്ല എന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു,

Deputy Speaker : Mr. Ravindran, are you accepting the amendment moved by Shri O. Koran?

Shri P. Ravindran : No, I am not accepting.

Deputy Speaker : Mr. Koran do you press your amendment ?

Shri O. Koran : Madam, I press.

The amendment moved by Shri O. Koran was put and lost.

Deputy Speaker : Mr. Ravindran, are you pressing your Resolution ?

Skri P. Ravindran : Yes, I press.

The Resolution was put and lost.

Deputy Speaker : Order order.. The House will now adjourn and meet again at 8 a. m. on Monday, the 16th March, 1964.

The House adjourned at 12·30 p. m. to meet again at 8 a. m. on Monday, the 16th March 1964.

LIBRARY ARCHIVES Kerala Legislative Assembly